കാണാനുള്ള അവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് സംഘടനകളോടും ഇതിനുള്ള സൗകര്യം ചെയ്തു കൊടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

59 (1285) യാചകവൃത്തിക്കായി കുട്ടികളെ ഉപയോഗിക്കുന്നതായ പരാതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാചകവൃത്തിക്കുവേണ്ടി സംസ്ഥാനത്തെ പ്രമുഖ പട്ടണങ്ങളിൽ ശിശുക്കളെ ഉപയോഗിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാചകരോടൊപ്പമുള്ള കുട്ടികൾ തട്ടികൊണ്ടുവരപ്പെട്ടതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ശിശുക്കളെ യാചകരിൽനിന്നും മോചിപ്പിച്ച് ശിശുക്ഷേമസമിതിയെ ഏൽപ്പിക്കുന്നതിന് എന്താണ് തടസ്സം എന്നറിയിക്കുമോ;

(ഡി) ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി)&(ഡി) യാചകരാണെങ്കിലും അവരുടെ സ്വന്തം കുട്ടികളെ ബലം പ്രയോഗിച്ച് വിടർത്തിയെടുത്ത് പ്ലേസ്മെന്റ് ഏജൻസികളെ ഏൽപ്പിക്കാൻ നിയമം അനുവദിക്കുന്നില്ല. എന്നാൽ സംശയകരമായ സ്ഥിതിയിൽ പോലീസ് കണ്ടുപിടിച്ച് ഏൽപ്പിക്കുന്ന ശിശുക്കളെ യഥാവിധി സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഇത്തരം കുട്ടികളെ സംരക്ഷിക്കുന്നതിനും ദത്തു നൽകൽ പദ്ധതിയിലൂടെ പുനരധിവസിപ്പിക്കുന്നതിനുമുള്ള അംഗീകൃത ഏജൻസികളിൽ ഒന്നാണ് സംസ്ഥാന ശിശുക്ഷേമ സമിതി.

60 (1286) ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ നിയമനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ വിവിധ ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിൽ സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികളിൽ നിയമനം നടത്തുവാനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ തസ്തിക വനിതകൾക്കായി മാത്രം സംവരണം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളിലേക്കുള്ള നിയമനരീതി താഴെ പറയുന്നവയാണ്.

1. പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം

LIBRARY ARCHIVES Kerala Legislative Assembly

2. വകുപ്പിലെ വനിതാ വാർഡൻ, കെയർ മദർ, ലിറ്ററസി ടീച്ചർ, നഴ്സറി ടീച്ചർ, മേട്രൺ ഗ്രേഡ് 1 എന്നീ തസ്തികകളിൽ നിന്നുള്ള പ്രൊമോഷൻ നേരിട്ടുള്ള നിയമനം, പ്രൊമോഷൻ എന്നിവയ്ക്കുള്ള അനുപാതം 3:1 എന്നാണ്.

ഇപ്പോൾ സൂപ്പർവൈസർമാരുടെ നേരിട്ടുള്ള നിയമനത്തിന് 278 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ തസ്തികകൾ വനിതകൾക്കായി മാത്രം സംവരണം ചെയ്തിട്ടുണ്ട്.

(സി) 5.8.92-ലെ ജി.ഒ.(പി)28/92/ സാക്ഷേവ. നമ്പർ മുഖേന പ്രസിദ്ധീകരിച്ച സ്പെഷ്യൽ റൂൾസിൽ ഈ സംവരണക്കാരും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

61 (1287) സാമൂഹ്യക്ഷേ വകുപ്പിലെ വാഹന ദുരുപയോഗം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ വാഹന ദുരുപയോഗം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ വാഹനങ്ങളുടെ ദുരുപയോഗം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

62 (1288) ധാതു വിഭവങ്ങളുടെ അനധികൃത ഖനനം

ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതു വിഭവങ്ങൾ അനധികൃതമായി ഖനനം ചെയ്ത് കടത്തിക്കൊണ്ട് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുവാൻ രൂപീകരിച്ചിട്ടുള്ള സ്കാഡുകൾ നിലവിലുണ്ടോ;

(സി) ധാതുവിഭവങ്ങൾ ഖനനം ചെയ്യുന്നത് നിരോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly